മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ നടത്താൻ നടപടി

148 [924] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലാ ഓഫീസുകളുടെ രൂപീകരണം എന്ന് നടക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) ബോർഡിലെ നിയമനങ്ങൾ പി. എസ്സ്. സി. വഴി നടത്താൻ 1987-ൽ തന്നെ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇതുവരെ പ്രസ്തുത തീരുമാനം നടപ്പാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമനങ്ങൾ പി. എസ്സ്. സി. വഴി നടത്താൻ നടപടി സ്വീകരിക്കുമോ ;

(സി) പുതിയ ഓഫീസുകൾക്ക് 33 തസ്തികകൾ സൃഷ്ടിക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയായിട്ടുണ്ടോ ;

(ഡി) എങ്കിൽ ഒരു ഓഫീസിന് 8 തസ്തികയായി ചുരുക്കിയതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 30-7-2004-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 164/2004/ആകുവ. നമ്പർ ഉത്തരവുപ്രകാരം കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലാ ഓഫീസുകൾ സ്ഥാപിക്കുന്നതിനും 24 തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുവാദം നൽകിയിട്ടുണ്ട്. വയനാട് ജില്ലാ ഓഫീസ് സ്ഥാപിക്കുന്നതിനായി വാടകകെട്ടിടം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഓഫീസ് ഉടനെ പ്രവർത്തനം ആരംഭിക്കുന്നതിനായി നടപടി എടുത്തുവരുന്നു. കാസർഗോഡ്, ഇടുക്കി ഓഫീസുകൾക്കായി കെട്ടിടം ലഭിച്ചിട്ടില്ല. കെട്ടിടം ലഭിച്ചാലുടൻ ടി ഓഫീസുകളുടെ പ്രവർത്തനവും ആരംഭിക്കുന്നതാണ്.

(ബി) ഉണ്ട്. എന്നാൽ ഇതു സംബന്ധിച്ച നിയമനിർമ്മാണം നടത്താൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ ഇതിനായി നിയമനിർമ്മാണം നടത്താനുള്ള നടപടികൾ എടുത്തു വരുന്നു.

(സി, ഡി) ഉണ്ട്. ഈ ജില്ലാ ഓഫീസുകൾ പ്രവർത്തിച്ചുതുടങ്ങാൻ ഇത്രയും തസ്തികകൾ തൽക്കാലം മതിയാകുമെന്ന കാരണത്താലാണ് എട്ടാക്കി കുറച്ചത്.

കരുനാഗപ്പള്ളി മണ്ഡലത്തിലെ ക്ളാപ്പനയിൽ ഹോമിയോ ആശുപത്രി

149 [925] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ ക്ളാപ്പന പഞ്ചായത്തിൽ ഹോമിയോ ആശുപത്രി ഇല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടുള്ള ക്ളാപ്പനയിൽ ഹോമിയോ ആശുപത്രി ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പത്താം പഞ്ചവൽസര പദ്ധതിയിൽ ഹോമിയോപ്പതി വകുപ്പിനായി അംഗീകരിച്ച സ്കീമുകളിൽ 'പുതിയ ഡിസ്പെൻസറികൾ ആരംഭിക്കാൻ' തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഇക്കാര്യം തൽക്കാലം പരിഗണിക്കാൻ കഴിയുകയില്ല.

പെരിങ്ങളം നിയോജകമണ്ഡലത്തിൽ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കാൻ നടപടി

150 [926] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ പേരു വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പെരിങ്ങളം നിയോജകമണ്ഡലത്തിൽ ഹോമിയോ ഡിസ്പെൻസറി ഇല്ലാത്ത പന്ന്യന്നൂർ, പെരിങ്ങളം, പാട്യം, തൃപ്രങ്ങോട്ടൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പത്താം പഞ്ചവൽസര പദ്ധതിയിൽ ഹോമിയോപ്പതി വകുപ്പിനായി അംഗീകരിച്ച സ്കീമുകളിൽ പുതിയ ഡിസ്പെൻസറികൾ ആരംഭിക്കാൻ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഇക്കാര്യം തൽക്കാലം പരിഗണിക്കാൻ കഴിയുകയില്ല.

ആയുർവേദ ശാസ്ത്രത്തെയും അതിന്റെ ചികിൽസാക്രമങ്ങളെയും ദുരുപയോഗം ചെയ്യുന്നതിൽ നിന്നും വിമുക്തമാക്കാൻ നടപടികൾ

151 [927] ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവേദ ശാസ്ത്രത്തെയും അതിന്റെ ചികിൽസാക്രമങ്ങളെയും ദുരുപയോഗം ചെയ്യുന്നതിൽനിന്നും വിമുക്തമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) സ്വകാര്യ ആയുർവേദ സ്ഥാപനങ്ങൾ നടത്തുന്നവർക്ക് അവയുടെ പാരമ്പര്യവും വിശ്വാസ്യതയും കണക്കിലെടുത്ത് സബ്സിഡി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) വ്യക്തമായ പരാതി ലഭിച്ചാൽ പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

(ബി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly